പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ. 1235** **06-03-2018--ൽ മറുപടിക്ക്**

<u>സ്പെഷ്യൽ ഇക്കണോമിക് സോണുകൾ</u>

**ചോദ്യം** **ഉത്തരം**

**ശ്രീ.കെ.വി. വിജയദാസ്** **ശ്രീ. വി.എസ്. സുനിൽ കുമാർ**

**(കൃഷി വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | 2017-18-ലെ ബജറ്റ് പ്രസംഗത്തിൽ 102-ാം ഇനമായി അഞ്ച് വിളകൾക്ക് സ്പെഷ്യൽ-ഇക്കണോമിക് സോണുകൾ നിർണ്ണയിക്കുകയും ആയതിൻറ സംയോജിത പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നതിന് 5 കോടി രൂപ വകയിരുത്തുകയും ചെയ്തിരുന്ന സാഹചര്യത്തിൽ ഇത് സംബന്ധിച്ച നടപടിക്രമങ്ങളുടെ പുരോഗതി സംബന്ധിച്ച വിവരം ലഭ്യമാക്കുമോ? | (എ) | ഓരോ വിളയ്ക്കും ആ പ്രദേശത്തെ ആവാസവ്യവസ്ഥയ്ക്ക് അനുയോജ്യമായ രീതിയിൽ പരമാവധി ഉല്പാദനം ലക്ഷ്യമാക്കി അധിക സാമ്പത്തിക സഹായം നൽകുകയാണ് പ്രത്യേക കാർഷിക സോണിലൂടെ (Special Agriculture Zone) ഉദ്ദേശിക്കുന്നത്. നിലവിലുള്ള കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളിൽകൂടി ലഭിക്കുന്ന ധന സഹായം ഏകോപിപ്പിച്ചുകൊണ്ട് ഏതെങ്കിലും തരത്തിലുള്ള ഒഴിച്ചുകൂടാനാകാത്ത വിടവുകൾ (critical gaps) ഉണ്ടെങ്കിൽ അവ പൂർണ്ണമായും നികത്തി പരമാവധി ഉൽപാദനം ലക്ഷ്യമിടുകയാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്.<br>2017-18-ലെ ബജറ്റിൽ സ്പെഷ്യൽ അഗ്രിക്കൾച്ചർ സോണുകളുടെ രൂപീകരണത്തിനായി പത്ത് കോടി രൂപ വകയിരുത്തുകയും ആയതിൻെറ അടിസ്ഥാനത്തിൽ നെല്ല്, തെങ്ങ്, പച്ചക്കറികൾ, വാഴപ്പഴം, പൂക്കൾ, ചെറുധാന്യങ്ങൾ എന്നീ വിളകൾക്കായി പതിനഞ്ച് സോണുകൾ രൂപീകരിക്കുകയുമുണ്ടായി.<br>07-10-2017-ലെ സ.ഉ(കൈ) 118/17/എ്ഡി പ്രകാരം സ്പെഷ്യൽ അഗ്രിക്കൾച്ചർ സോണുകളുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കുന്നതിനുള്ള പ്രാരംഭ |

| | | |
|---|---|---|
| | | നടപടികൾക്കായി 15 ലക്ഷം രൂപ (1 ലക്ഷം രൂപ വീതം ഓരോ സോണിനും) അനുവദിക്കുകയുണ്ടായി.<br><br>19-02-2018-ലെ സ.ഉ(കൈ) 22/2018/എഡി പ്രകാരം സ്പെഷ്യൽ അഗ്രിക്കൾച്ചർ സോണിന്റെ പ്രവർത്തനങ്ങൾക്കായി 970 ലക്ഷം രൂപയും 20-02-2018 ലെ സ.ഉ(കൈ) 23/18/എഡി പ്രകാരം ഓരോ സോണിന്റെയും ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) നവീകരിക്കുന്നതിനും ചട്ടക്കൂട് രൂപീകരിക്കുന്നതിനുമായി Center for Management Development (CMD)ന് 15 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ